പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 534

04.02.2020 ലെ മറുപടിക്ക്

## കയറും കയറ്റുല്പന്നങ്ങളുടെയും കയറ്റുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

**ചോദ്യം:** എ) ഈ സർക്കാരിന്റെ കാലയളവിൽ കയറും കയറുല്പന്നങ്ങളും ഏതെല്ലാം രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി നടത്തിയിട്ടുണ്ടെന്നതിന്റെ പട്ടിക ലഭ്യമാക്കുമോ;

**ഉത്തരം:** എ) കയർ വികസന വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, സഹകരണ അപ്പക്സ് ഫെഡറേഷനായ കയർഫെഡ് എന്നിവിടങ്ങളിൽ നിന്നും കയറും, കയറുല്പന്നങ്ങളും കയറ്റുമതി നടത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) കയർഫെഡ് :- ഈ സർക്കാരിന്റെ കാലയളവിൽ കാനഡ, സ്പെയിൻ, ഫ്രാൻസ് എന്നീ രാജ്യങ്ങളിലേക്ക് കയറുല്പന്നങ്ങൾ കയറ്റുമതി ചെയ്തു.

2) കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ :- ഈ സർക്കാരിന്റെ കാലയളവിൽ യു.എസ്.എ, ഫ്രാൻസ്, പോളണ്ട്, ബ്രസീൽ, ഇറ്റലി, ആസ്ട്രേലിയ, ഗ്വാട്ടിമാല, കുവൈറ്റ് എന്നീ രാജ്യങ്ങളിലേക്ക് കയറും, കയറുല്പന്നങ്ങളും കയറ്റുമതി ചെയ്തു.

**ചോദ്യം:** ബി) ആയതിന്മേൽ ഓരോ രാജ്യവുമായിട്ടുള്ള കയറ്റുമതിയിലൂടെ ലഭ്യമായിട്ടുള്ള പ്രതിവർഷ വരുമാനം വാർഷിക ക്രമത്തിൽ അറിയിക്കുമോ;

**ഉത്തരം:** ബി) **കയർഫെഡ്** :-

| വർഷം | തുക ലക്ഷത്തിൽ | സ്ഥലം |
|---|---|---|
| 2017-18 | 10.00 | കാനഡ |
| 2018-19 | 29.48 | സ്പെയിൻ |
| 2019-20 (T) | 25.86 | ഫ്രാൻസ് |

**കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ :-**

| രാജ്യം | 1.04.2016 - 31.03.2017 (തുക കോടിയിൽ) | 1.04.2017 - 31.03.2018 (തുക കോടിയിൽ) | 1.04.2018 - 31.03.2019 (തുക കോടിയിൽ) |
|---|---|---|---|
| ബ്രസീൽ | 2.82 | 0.96 | 0.82 |

| | | | |
|---|---|---|---|
| ആസ്ട്രേലിയ | 0.64 | 1.40 | 1.71 |
| ഗ്വാട്ടിമാല | 0.19 | 0.11 | -- |
| കുവൈറ്റ് | 0.10 | -- | -- |
| യു.എസ്.എ | 0.10 | 0.17 | 0.41 |
| ഫ്രാൻസ് | 0.41 | 1.57 | 1.85 |
| പോളണ്ട് | 3.00 | 3.53 | 2.58 |
| ഇറ്റലി | 2.90 | 3.40 | 3.80 |
| **ആകെ** | **10.16** | **11.14** | **11.17** |

| | |
|---|---|
| സി) ടി ഉല്പന്നങ്ങളുടെ അന്തർദേശീയ വിപണനത്തിനായി ഓൺലൈൻ വിപണന സങ്കേതം പരമാവധി ഉപയോഗ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ? | സി) <u>കയർഫെഡ് :-</u><br>കയർഫെഡ് അന്താരാഷ്ട്ര വിപണി ലക്ഷ്യമിട്ടുകൊണ്ട് ഒരു ഇ-കോമേഴ്സ് പോർട്ടൽ സ്ഥാപിക്കുന്നതിനുള്ള നടപടികളും, ഓൺലൈൻ സൈറ്റിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><u>കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ :-</u><br>കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ഓൺലൈൻ വിപണനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി ആമസോൺ, ഫ്ളിപ്പ്കാർട്ട്, പെപ്പർഫ്രൈ, ട്രേഡ് ഇന്ത്യ.കോം എന്നീ ഓൺലൈൻ വിപണന സങ്കേതങ്ങളിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><u>ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് :-</u><br>ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് ഇ-വിപണനം ലക്ഷ്യമിട്ട് വെബ്സൈറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതുവഴി കമ്പനിയ്ക്ക് ഓർഡർ നേരിട്ട് സ്വീകരിക്കുന്നതിന് സാധിക്കും. |

സെക്ഷൻ ഓഫീസർ